"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം-പാലക്കാട് ജില്ല-ആലത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി. ബീനമോൾ. സി -യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1270/2025/LSGD തീയതി,തിരുവനന്തപുരം, 23-05-2025

---

പരാമർശം:-

1. 20.11.2012ലെ സ ഉ (എം എസ്) നം.292/12/ഹോം നമ്പർ ഉത്തരവ്
2. 23.04.2020ലെ GO (MS) No.81/2020/GAD നമ്പർ ഉത്തരവ്
3. പഞ്ചായത്ത് ഡയറക്ടറുടെ 09.06.2022ലെ PAN/505/2020-E14(DP) നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 14.06.2023ലെ DDP-PKD/1498/2023-E4 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.12.2023ലെ LSGD/PD/63210/2023-DEC4 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി ബീനമോൾ സി -യുടെ നീരീക്ഷണകാലം 15.08.2022 മുതൽ 24.11.2022 വരെ ദീർഘിപ്പിക്കുന്നതിനായി പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു.

2. പരാമർശം (1 ) ഉത്തരവ് പ്രകാരം ആശ്രിത നിയമന വ്യവസ്ഥയിൽ പോലീസ് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി പോസ്റ്റിൽ നിയമിക്കപ്പെട്ട ശ്രീമതി ബീനമോൾ. സി 26/12/2012 തീയതിയിൽ പ്രസ്തുത തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിരുന്നുവെന്നും, പരാമർശം (2) പ്രകാരം പഞ്ചായത്ത് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ പുനർനിയമിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആലത്തൂർ ഗ്രാമപഞ്ചായത്തിൽ 09/09/2020 തീയതിയിൽ സേവനത്തിൽ പ്രവേശിക്കുകയും നിലവിലും ടി പഞ്ചായത്തിൽ തുടരുന്നുവെന്നും, പരാമർശം (3) പ്രകാരം ആലത്തൂർ ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ ഒഴിവ് നിലവിൽ വന്ന 16/08/2019 തിയതി പ്രാബല്യത്തിൽ ടിയാളുടെ ക്ലർക്ക് തസ്തികയിലെ നിയമനം ക്രമവൽക്കരിച്ചിട്ടുണ്ടെന്നും ക്രമവൽക്കരണ തീയതി മുതൽ നിരിക്ഷണകാലം കണക്കാക്കാവുന്നതാണെന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും, ശ്രീമതി ബീനമോൾ സി-യുടെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്ക നടപടികളോ ഇല്ലായെന്നും സേവനം തൃപ്തികരമാണെന്നും ടിയാൾ നിരീക്ഷണ

കാലയളവിൽ നിരീക്ഷണകാലത്തെ ബാധിക്കുന്ന അവധികളെടുത്തിട്ടില്ലെന്നും വകുപ്പതല പരീക്ഷ പാസാകാത്തതിനാൽ ടിയാൾ ക്ലാർക്ക് തസ്തികയിൽ 2 വർഷം പൂർത്തീകരിച്ച 15.08.2021 മുതൽ ഒരു വർഷത്തേയ്ക്ക് ടിയാളുടെ നിരീക്ഷണ കാലയളവ് പരാമർശം (4) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ടെന്നും ടിയാൻ GIS, SLI എന്നിവയിൽ അംഗത്വമെടുക്കുകയും 22.11.2022 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി ബീനമോൾ.സി-യുടെ നീരീക്ഷണകാലം 23.11.2022 തീയതിയിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ നിരീക്ഷണകാലം KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 15.08.2022 മുതൽ 24.11.2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
3. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , പാലക്കാട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. സെക്രട്ടറി, ആലത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5. ശ്രീമതി.ബീന മോൾ ,സി , ക്ലാർക്ക് , ആലത്തൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6. ഡയറക്ടർ, ഐ കെ എം
7. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8. കരുതൽ ഫയൽ (ഫയൽ നം.77/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 29-05-2025 16:17:33